മാധ്യമം

15 May 2020

# 3 ഏക്കറിൽ കൃഷിയൊരുക്കാൻ സി.എം.എഫ്.ആർ.ഐ

**കൊച്ചി:** മുന്നേക്കർ തരിശുനിലത്ത് കൃഷിചെയ്യാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം. സ്ഥാപനത്തിലെ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും മറ്റ് ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും പങ്കാളികളാകുന്ന കൃഷി ലോകം ക്ലബിൻെറ നേതൃത്വത്തിലാണ് കൊച്ചി നഗരസഭ പരിധിയിലെ മൂന്നേക്കർ തരിശുനിലത്ത് കിഴങ്ങ്-പയർ വിളകളും പച്ചക്കറിയും കൃഷിചെയ്യുന്നത്.സി.എം.എഫ്.ആർ.ഐയുടെ തേവര കസ്തൂർബ നഗറിലുള്ള പാർപ്പിട സമുച്ചയത്തിൽ നടക്കുന്ന കൃഷിക്ക് മന്ത്രി വി.എസ്. സുനിൽകുമാർ തുടക്കം കുറിച്ചു.

കൃഷി ലോകം ക്ലബിൻെറ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിൻെറ സാങ്കേതിക പിന്തുണയോടെയാണ് കൃഷി ചെയ്യുന്നത്. പൂർണമായും യന്ത്രവത്കൃത രീതിയിലാണ് നിലമൊരുക്കിയത്. ആദ്യപടിയായി, 2500 ചുവട് കപ്പ, 3000ത്തോളം കുറ്റിപ്പയർ, ഇടവിളകളായി മറ്റ് പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് കൃഷി നടത്തുന്നത്. കൃഷി തുടങ്ങാൻ താൽപര്യമുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാങ്കേതിക സഹായം നൽകും. ഇതിനായി 8281757450 നമ്പറിൽ വാട്സ്ആപ് സന്ദേശമയച്ച് രജിസ്റ്റർ ചെയ്യാം.